
# ജി എൽ പി എസ്സ്

## കോട്ടപ്പുറം



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

# ജി.എൽ.പി.എസ്
# കോട്ടപ്പുറം

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരുക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. അതേ ലക്ഷ്യം കൈവരിക്കുമെന്നു പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പഠിതാക്കളും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ജി.എൽ.പി.എസ് കോട്ടപ്പുറം. വരും വർഷങ്ങളിലും മികച്ച നേട്ടങ്ങൾ കാഴ്ച വയ്ക്കാൻ സഹായകമായ രീതിയിൽ അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

# ഉള്ളടക്കം


* സ്കൂൾ വിവരങ്ങൾ
* സ്കൂൾ ചിത്രം (map)
* അധ്യാപകരുടെ ചിത്രങ്ങൾ
* വിദ്യാലയത്തിന്റെ ലഘുചരിത്രം
* വിദ്യാലയം മികവിന്റെ കേന്ദ്രം

കാഴ്ചപ്പാട്

ലക്ഷ്യങ്ങൾ

അവസ്ഥാപഠനത്തിലെ
പ്രധാന കണ്ടെത്തലുകൾ

പ്രശ്നവിശകലനവും ആസൂത്രണവും

അക്കാദമിക നേട്ടങ്ങൾ പരിമിതികൾ

ഭൗതികം - നേട്ടങ്ങൾ പരിമിതികൾ

അക്കാദമിക മികവിനായി
ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

നടപ്പുവർഷപ്രവർത്തനങ്ങൾ
(എല്ലാ വിഷയങ്ങളും)

മലയാളം

ഇംഗ്ലീഷ്

ഗണിതം

പരിസരപഠനം

അറബിക്.

പ്രവൃത്തിപരിചയം


ആരോഗ്യകായിക വിദ്യാഭ്യാസം

സാമൂഹികാവബോധം


ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ.

# സ്കൂൾ വിവരങ്ങൾ.

| | | |
|---|---|---|
| റവന്യൂ ജില്ല | : | കൊല്ലം |
| സ്കൂൾ കോഡ് | : | 41513 |
| സ്കൂളിന്റെ പേര് | : | ജി.എൽ.പി.എസ് കോട്ടപ്പുറം |
| മേൽ വിലാസം | : | ജി.എൽ.പി.എസ് കോട്ടപ്പുറം പരവൂർ |
| പിൻ കോഡ് | : | 691301 |
| ഫോൺ നമ്പർ | : | 0474-2512455 |
| ഇ-മെയിൽ അഡ്രസ് | : | 41513klm@gmail.com |
| മുൻസിപ്പാലിറ്റി | : | പരവൂർ |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| ഉപജില്ല | : | ചാത്തന്നൂർ |
| ക്ലാസുകൾ | : | 1 മുതൽ 4 വരെ |
| മാനേജ്മെന്റ് | : | ഗവൺമെന്റ് |
| പഠന മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |
| അധ്യാപകർ | : | 15 |
| അനധ്യാപകർ | : | 3 |



9:23
RM7C+83V GLPS Kottapu...
PERUMPUZHA
TSUNAMI CC
പെരുമ്പ
സുനാമ
കോളനി
ST JUDE'S CHURCH
Perumpuzha
Krishna Sankar
Paravur
Saraschitt
Temple
Puttingal Temple Rd
Paravoor Junction
Puthen
Kadavu
Aiswarya Public School
Ad
Help others see
GLPS Kottapuram, Paravur
5.0 ★★★★★ (1)
Primary school · 1 hr 55 min
Directions
Start
Save
Sh

# വിദ്യാലയത്തിന്റെ ലഘു ചരിത്രം.

കേരളത്തിലെ കൊല്ലം ജില്ലയിലെ ഒരു മുൻസിപ്പാലിറ്റിയാണ് പരവൂർ. കൊല്ലം നഗര മധ്യത്തിൽ നിന്ന് 11.6 കിലോമീറ്റർ തെക്ക് കിഴക്കായി പരവൂർ സ്ഥിതി ചെയ്യുന്നു. ഇത് കൊല്ലം മെട്രോ പൊളിറ്റൻ പ്രദേശത്തിന്റെ ഭാഗമാണ്. ദക്ഷിണേന്ത്യയിലേക്ക് യാത്ര ചെയ്യുമ്പോൾ തിരുവനന്തപുരത്തേക്കുള്ള റൂട്ടിലെ അവസാന സ്റ്റേഷനാണ് പരവൂർ റയിൽവേ സ്റ്റേഷൻ. പരവൂർ റയിൽ വേ സ്റ്റേഷന് തൊട്ടുത്തായിട്ടാണ് ജി.എൽ.പി.എസ് കോട്ടപ്പുറം എന്ന പ്രൈമറി വിദ്യാലയം സ്ഥിതി ചെയ്യുന്നത്. കൊല്ലത്തെ ചാത്തന്നൂർ ബ്ലോക്കിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1 മുതൽ 4 വരെയുള്ള ക്ലാസുകളാണ് ഇവിടെയുള്ളത്.

പാഠ്യേതര രംഗത്ത് സബ്ജില്ല തലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. LSS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരേ പോലെ മികവ് പ്രകടിപ്പിക്കാൻ സ്കൂളിന് കഴിയുന്നുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (Inclusive education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവർത്തിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസലിംഗ് അധ്യാപകർ തന്നെ നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിനു കാരണം ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് PTA യുടെ ഇടപെടലുകളും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ മുനിസിപ്പാലിറ്റി തുടങ്ങിയവരുടെ പൂർണ്ണ സഹകരണവും ഉറപ്പു വരുത്താൻ കഴിയുന്നു.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ നിലവാരത്തിനുള്ള പൊതു സമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തി-ക്കൊണ്ട് മുന്നോട്ടും കൂടുതൽ ഗുണപ്രദമായ പാഠ്യ,പാഠ്യേ-തര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കി കുട്ടികൾക്ക് അവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്നു പ്രതീക്ഷിക്കട്ടെ.

സ്കൂൾ രൂപം കൊടുത്ത പ്രവർത്തന ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളായി ഈ അക്കാദമിക മാസ്റ്റർപ്ലാൻ മാറുമെന്നു പ്രതീക്ഷിക്കാം.

# വിദ്യാലയം മികവിന്റെ കേന്ദ്രം/ കാഴ്ചപ്പാട്.

* തുടർച്ചയായ എൻ.എസ്.എസ് വിജയം
* കലാശാസ്ത്ര മേളകളിലുള്ള കുതിച്ചുകയറ്റം
* അറബി കലോത്സവത്തിൽ ചാത്തന്നൂർ സബ്ജില്ലയിൽ രണ്ടാം സ്ഥാനം
* വിദ്യാലയ മികവ് സമൂഹത്തിൽ എത്തിക്കുക.
* ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക
* ഡിജിറ്റൽ /ഐടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക
* കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക.

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിനും പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു.

# ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.
* ഓരോ വിദ്യാർത്ഥിയെയും പ്രത്യേക വ്യക്തിയായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുക.
* ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുന്നു.
* വിദ്യാർത്ഥികളും - വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

# അവസ്ഥാ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

അവസ്ഥാ പഠനം

ഓരോ വിദ്യാലയത്തിന്റെയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് രൂപീകരിക്കുന്ന സമിതിയുടെ നേതൃത്വത്തിലാണ് അവസ്ഥാ പഠനം നടക്കേണ്ടത്. പ്രസ്തുത സമിതിയിൽ അധ്യാപകർ, PTA, MPTA, റിസോഴ്സ് ടീച്ചർ ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾ, വിദ്യാർത്ഥി പ്രതിനിധികൾ, SRG, SSG, LSG അംഗങ്ങൾ അക്കാദമിക വിദഗ്ദ്ധർ കായിക മേഖലയുമായി ബന്ധപ്പെട്ടുള്ളവർ എന്നിവർ ഉൾപ്പെട്ടിരിക്കണം.

ഈ ഗ്രൂപ്പുകളുടെ നേതൃത്വത്തിലാണ് അവസ്ഥാപഠനത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ടൂളുകൾ തയ്യാറാക്കേണ്ടത്. ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പഠനനിലവാരം കായിക ക്ഷമത രേഖപ്പെടുത്തുന്നതിന് കായിക ക്ഷമതരേഖ, ടീച്ചിംഗ് മാന്വൽ, നിരീക്ഷണം പ്രൊഫൈൽ, ചോദ്യാവലികൾ കുട്ടികളുടെ പ്രകടനം എന്നിവ പരിഗണിക്കാവുന്നതാണ്.

കുട്ടികളുടെ മികവാർന്ന പഠനത്തിന് അനുയോജ്യവും ആകർഷകവുമായ വിധത്തിലുള്ള ഭൗതിക

സാഹചര്യങ്ങളും സാമൂഹിക പിന്തുണയും വിദ്യാലയത്തിന് ആവശ്യമായ തോതിൽ പിന്തുണ ലഭിക്കുന്നുണ്ടോ എന്ന് കൃത്യമായി പരിശോധിച്ച് രേഖപ്പെടുത്തേണ്ടതാണ്. ഈ രീതിയിൽ മേൽപ്പറഞ്ഞ എല്ലാ മേഖലകളിലും കൃത്യമായ അവസ്ഥാ വിശകലനം നടത്തി വിവരങ്ങൾ അളവുപരമായിത്തന്നെ രേഖപ്പെടുത്തേണ്ടതാണ്.

## അവസ്ഥാ പഠനം പരിഗണിക്കേണ്ട മേഖലകൾ

* പാഠ്യപദ്ധതിവിനിമയം
* പഠനാന്തരീക്ഷം
* അധ്യാപകർ
* ഭൗതിക സാഹചര്യം
* സാമൂഹിക ഇടപെടലുകൾ

പാഠ്യപദ്ധതി ആവശ്യപ്പെടുന്നവിധത്തിൽ ക്ലാസ്സ് വിനിമയം ചെയ്യാൻ അധ്യാപികയ്ക്ക് കഴിയുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് താഴെപ്പറയുന്ന സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്.

* പ്രക്രിയ ബന്ധിതമായ ആസൂത്രണം
* കുട്ടിയുടെ സ്വയംവിലയിരുത്തൽ
* കുട്ടികൾ തമ്മിലുള്ള പരസ്പരം വിലയിരുത്തൽ
* അധ്യാപികയുടെ വിലയിരുത്തൽ
* ക്ലാസ്മുറികളുടെ സജ്ജീകരണം.

* ക്ലാസ് മുറികളിലെ ജനാധിപത്യം, അവസരസമത്വം സ്വതന്ത്ര ചിന്ത, ലിംഗസമത്വം എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം
* അനുയോജ്യമായ പഠനോപകരണങ്ങൾ
* അധ്യാപിക വിദ്യാർഥി ബന്ധം
* ആധുനിക സാങ്കേതിക വിദ്യയുടെ ലഭ്യതയും ഉപയോഗവും
* കളിസ്ഥലവും കളിയുപകരണങ്ങളും

## അധ്യാപകർ

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്കു കഴിയുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിന് താഴെപറയുന്ന ഘടകങ്ങൾ പരിഗണിക്കാം.

* സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം.
* പഠനസാമഗ്രികളുടെ യഥാസമയം ലഭ്യത.
* ആവശ്യമായ പ്രാദേശിക വിഭവങ്ങൾ.
* സാമൂഹിക പിന്തുണ.
* ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും
* അധ്യാപക രക്ഷകർത്തൃ ബന്ധം

## ഭൗതിക സാഹചര്യം

മികവിന്റെ കേന്ദ്രമായി മാറുന്നതിനാവശ്യമായ

ഭൗതിക സാഹചര്യങ്ങൾ നമ്മുടെ വിദ്യാലയത്തിനുണ്ടോ എന്ന് വിലയിരുത്തുന്നതിന്

* പരിസ്ഥിതി സൗഹൃദ വിദ്യാർഥി സൗഹൃദ സ്കൂൾ - ക്ലാസ് അന്തരീക്ഷം
* മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ
* വിദ്യാർഥി സൗഹൃദ, ഭിന്നശേഷി സൗഹൃദ ഫർണിച്ചർ
* ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ.
* ഗതാഗത സൗകര്യം

## സാമൂഹ്യ ഇടപെടലുകൾ

സാമൂഹിക ഇടപെടലുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ട ഘടകങ്ങൾ

* പി. ടി. എ
* എസ്. എം. സി
* മദർ പി.ടി.എ
* തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ
* പൂർവ വിദ്യാർഥികൾ
* വിദ്യാലയ വികസന സമിതി
* വിവിധ വകുപ്പുകൾ
* സന്നദ്ധ സംഘടനകൾ
* പ്രാദേശിക വിദഗ്ധർ

* മലയോര തീരദേശ മേഖലകളിലെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ
* പോഷകാഹാരം
* ലഹരി ഉപയോഗം
* കുട്ടികൾക്കെതിരായ അതിക്രമങ്ങൾ
* കുട്ടികളിൽ കണ്ടുവരുന്ന വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ
* കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും മൂലമുണ്ടാകുന്ന വെല്ലുവിളികൾ.

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ/വെല്ലുവിളികൾ

വിദ്യാലയത്തിലെ വിവിധ മേഖലകളിലെ അവസ്ഥാ പഠനം കഴിഞ്ഞ് കിട്ടിയ വിവരങ്ങൾ അതാതു മേഖലയിൽ ഉചിതമായ രീതിയിൽ ക്രോഡീകരിക്കേണ്ടതുണ്ട്. അതിൽനിന്നും വിദ്യാലയം നേരിടുന്ന വിവിധ പ്രശ്നങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തണം. പ്രശ്നങ്ങളുടെ തീവ്രത, ലഘുതരം, ഗുരുതരം, തീവ്രം എന്നിങ്ങനെയാണ് രേഖപ്പെടുത്തേണ്ടത്. കണ്ടെത്തിയ പ്രശ്നങ്ങൾ സമിതി വിശദമായി ചർച്ചചെയ്യുകയും അവയുടെ കാരണങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുകയും വേണം.

## പ്രശ്നവിശകലനവും ആസൂത്രണവും

ഓരോ മേഖലയിലും കണ്ടെത്തിയ പ്രശ്നങ്ങളെ അവയുടെ തീവ്രതയനുസരിച്ച് തരംതിരിക്കേണ്ടതുണ്ട്. ഓരോ പ്രശ്നത്തിലൂടെയും കണ്ടെത്തിയ കാരണങ്ങളെ കൂടുതൽ സൂക്ഷ്മതലത്തിലുള്ള വിശകലനത്തിന് വിധേയമാക്കുകയും കൂടുതൽ കാരണങ്ങളും വെല്ലുവിളികളും കണ്ടെത്തുകയും വേണം. തുടർന്ന് ഓരോ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അതാതു വിഭാഗത്തിലെ ബന്ധപ്പെട്ടവർ വിശദമായി ചർച്ചചെയ്ത് അതിനുള്ള പരിഹാരം കണ്ടെത്തേണ്ടതാണ്.

# അക്കാദമികം - നേട്ടങ്ങൾ, പരിമിതികൾ

നല്ല രീതിയിൽ LSS പരിശീലനം നൽകി മികച്ച വിജയം നേടുന്നതിന് സ്കൂളിന് കഴിഞ്ഞു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ പഠനത്തോടൊപ്പം സേവനമനോഭാവം കുട്ടികളിൽ വർദ്ധിപ്പിക്കാൻ കഴിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ വിജയം നേടുന്നുവെങ്കിലും എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാരത്തിലേക്കുയർന്നിട്ടില്ല. എന്നത് പരിമിതിയാണ്. പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയിലൂടെയും പി.ടി.എ സഹകരണത്തോടെയും ഒറ്റ ക്ലാസ്മുറികൾ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ലാബ്, സ്റ്റാഫ് റൂം എന്നിവ സ്കൂളിന് പ്രത്യേകമില്ല. ഐ.ടി പഠനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

# ഭൗതികം - നേട്ടങ്ങൾ, പരിമിതികൾ

ചില ക്ലാസ്മുറികൾ ഹൈടെക് ആയിട്ടുണ്ടെങ്കിലും മറ്റു ക്ലാസ് മുറികളും ആ നിലവാരത്തിലേക്ക് ഉയർത്തേണ്ടതുണ്ട്. ഓരോ സ്റ്റാൻഡേർഡിലെയും ഓരോ ക്ലാസ് മുറികളിൽ മൾട്ടിമീഡിയ സംവിധാനം ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കിയിട്ടുണ്ട്. 8 കമ്പ്യൂട്ടറുകളാണ് സ്കൂളിനുള്ളത്. ഇത് സ്കൂളിന്റെ മറ്റൊരു ഭൗതിക നേട്ടമാണ്. വിശാലമായ ഓപ്പൺ ഓഡിറ്റോറിയം സ്കൂളിന്റെ വലിയ ഒരു മികവ് തന്നെയാണ്.

മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ട് സ്കൂളിന്റെ ഒരു പരിമിതിയാണ്. വളരെ പഴക്കം ചെന്ന ഓടിട്ട കെട്ടിടത്തിലാണ് സ്കൂൾ ഇപ്പോഴും പ്രവർത്തിക്കുന്നത്. പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നു. അതോടുകൂടി ഈ പ്രശ്നത്തിന് കുറച്ച് പരിഹാരമുണ്ടാകും. കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിന് ഇല്ല. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. വിശാലമായ കളിസ്ഥലം ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു. കായിക പഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണ്ണായക പങ്കുണ്ട്.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

വികസന ലക്ഷ്യങ്ങൾ

1, ഭാഷാശേഷി വികസനം
2, ഗണിതശേഷി വികസനം
3, വായനാശേഷി വർദ്ധിപ്പിക്കൽ
4, ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
5, ലൈബ്രറി ശാക്തീകരണം
6, ജൈവ വൈവിധ്യ പാർക്ക് - ഒരുക്കൽ
7, സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
8, പഠനയാത്രകൾ
9, അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
10, പ്രവൃത്തി പരിചയ പരിശീലനം
11, കലാ പരിപോഷണം
12, പച്ചക്കറിത്തോട്ടം
13, ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
14, സർഗ്ഗാത്മക ഡയറി
15, റീഡേഴ്സ് തിയേറ്റർ
16, ജന്മദിന പുസ്തകം
17, ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ
18, ചെസ് പരിശീലനം
19, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്
20, സുംബ ഡാൻസ് പരിശീലനം

# നടപ്പു വർഷ - പ്രവർത്തനങ്ങൾ

## മലയാളം.

## പ്രവർത്തനം - വിശദാംശങ്ങൾ

പ്രവർത്തനം : 1
പേര് : പുസ്തക പരിചയം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | ഓരോ അസംബ്ലിയിലും ഓരോ പുസ്തകം കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. പുസ്തകത്തെക്കുറിച്ചുള്ള ലഘു വിവരണവും അവതരിപ്പിക്കുന്നു | ആഴ്ചയിൽ 3 ദിവസം | വിദ്യാരംഗം | |

പ്രവർത്തനം : 2
പേര് : അമ്മവായന
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അമ്മമാരിൽ വായനാശീലം വളർത്തുക | അമ്മമാർക്ക് സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങളെടുക്കാനും അവയെ പരിചയപ്പെടുത്താനുമുള്ള അവസരമൊരുക്കുന്നു. | എല്ലാ മാസവും | വിദ്യാരംഗം | |

പ്രവർത്തനം: 3

പേര്: പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തക പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി ക്ലാസ്ടീച്ചർ | |

പ്രവർത്തനം: 4

പേര് : അക്ഷരക്കൂട്

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക റീഡേഴ്സ് തിയേറ്റർ | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. ക്ലാസ്തല പ്രക്രിയയിൽ റീഡേഴ്സ് തിയേറ്ററിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി ക്ലാസ്ടീച്ചർ | |

## പ്രവർത്തനം : 5

പേര് : ക്ലാസ്തല പതിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുന്നു | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ - ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്ടീച്ചർ | |

## പ്രവർത്തനം : 6

പേര് : എന്റെ വായനക്കുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അക്ഷരപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രോത്സാഹിപ്പിക്കുക | 1. [illegible] വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പുകൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ | |

പ്രവർത്തനം : 7

പേര് : ഭാഷാവികസനം

ഉപശേഷി : വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വതന്ത്ര വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അനായാസമായി ഭാഷ വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദനിർമാണം<br>4. വാക്യനിർമാണം | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ. | |

പ്രവർത്തനം : 8

പേര് : പത്രവായന

ഉപശേഷി : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വതന്ത്ര വിശകലനം |
|---|---|---|---|---|
| പത്രവായന പരിപോഷിപ്പിക്കൽ | പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>* ഓരോ ക്ലാസിനും ഓരോ പത്രം<br>* പ്രധാനവാർത്തകൾ അവതരണം<br>* പത്ര ക്വിസ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. | |

# ഇംഗ്ലീഷ്

## പ്രവർത്തനം - വിശദാംശങ്ങൾ

**പ്രവർത്തനം : 1**

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ച്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ച്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം : 2**

പേര് : കാര്യത്തിലേക്കിറങ്ങിവ് ഇംഗ്ലീഷ്

ഉപമേഖല : ഭാഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നതിനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | ആഴ്ച്ചയിൽ രണ്ടു ദിവസം കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിലൂടെയുള്ള വിനിമയം സുഗമമാക്കുന്നതിനുള്ള ക്ലാസുകൾ നടത്തുന്നു | ആഴ്ച്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 3

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3, 4 ക്ലാസുകളിൽ)

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ | ഓരോ മാസവും ഓരോ വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ബോർഡ് ഒരുക്കുക<br>ജൂൺ - പ്രകൃതി, പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്മസ്<br>ജനുവരി - ന്യൂ ഇയർ<br>- വിഷയങ്ങൾ തിരഞ്ഞെ | ജൂൺ മുതൽ മാർച്ച് വരെ എല്ലാ മാസവും | ഇംഗ്ലീഷ് ക്ലബ്ബ് | 500/- |

പ്രവർത്തനം : 4

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് | | | | |

| | | | | |
|---|---|---|---|---|
| അവസരം നൽകൽ | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിലെഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 5

പേര് : ഇംഗ്ലീഷ് വായനാകാർഡുകൾ

ഉപമേഖല : വായനസാമഗ്രി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • രക്ഷിതാക്കളുടെയും അധ്യാപകരുടെയും സഹകരണത്തോടെ വായനാകാർഡുകൾ നിർമ്മിക്കൽ | 3 മാസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 6

പേര് : വർക്ക് ഷീറ്റ് നിർമ്മാണം

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി - വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | 3 മാസം | ക്ലാസ് ടീച്ചർ | 1000/- |

# ഗണിതം

## പ്രവർത്തനം - വിശദാംശങ്ങൾ

**പ്രവർത്തനം : 1**

പേര് : ഗണിതലാബ്

ഉപമേഖല : ഗണിത കേളികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിതശേഷികൾ മുഴുവൻ കുട്ടികൾക്കും ഉറപ്പിക്കുക | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജീകരിക്കൽ. | 2025-26 | സ്കൂൾ മാനേജ്മെന്റ് | 5000/- |

**പ്രവർത്തനം : 2**

പേര് : ഗണിതമൂല

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിതശേഷികൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | 2 മാസം | ക്ലാസ്ടീച്ചർ | 500/- |

പ്രവർത്തനം : 3

പേര് : ഗണിത അസംബ്ലി, ഗണിത മേള

ഉപമേഖല : പ്രകടന വേദികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിന്റെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | മാസത്തിലൊരിക്കൽ ഗണിത പരിപാടികൾ ഉൾപ്പെടുത്തി ഒരു ഗണിത അസംബ്ലി നടത്തുന്നു. | മാസത്തിൽ ഒരിക്കൽ | ഗണിത ക്ലബ്ബ് | |
| | ഗണിതമേള | വർഷത്തിൽ ഒരിക്കൽ | ഗണിത ക്ലബ്ബ് | |

പ്രവർത്തനം : 4

പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല

ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങളും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ് യൂണിറ്റിലെയും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി - വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | ഗണിത അധ്യാപകർ | 2000/- |

# പരിസര പഠനം

## പ്രവർത്തനം - വിശദാംശങ്ങൾ

പ്രവർത്തനം : 1

പേര് : ശാസ്ത്ര പരീക്ഷണങ്ങൾ

ഉപമേഖല : ശാസ്ത്രഅവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക ശാസ്ത്രാവബോധം ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക | • ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം.<br>• പരീക്ഷണ കിറ്റ് തയ്യാറാക്കൽ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/- |

പ്രവർത്തനം : 2

പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല

ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 1000/- |

പ്രവർത്തനം: 3

പേര് : ലഹരി, രാസ ലഹരി, മൊബൈൽ അഡിക്ഷൻ

ഉപമേഖല : ശാരീരിക, മാനസിക ആരോഗ്യ ബോധവത്കരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെക്കുറിച്ചു ബോധവും പ്രതിരോധ ശേഷിയും വളർത്തുക | ബോധവത്കരണ ക്ലാസുകൾ, വീഡിയോ പോസ്റ്റർ നിർമ്മാണം, സുംബ ഡാൻസ്, ചിത്രശില്പം എന്നിവയിലൂടെ കുട്ടികളെ ബോധവത്കരിക്കുന്നു. | ജൂൺ | ശാസ്ത്ര ക്ലബ്ബ് — | |

പ്രവർത്തനം: 4

പേര് : സ്കൂൾതല ശാസ്ത്രമേളയും (ശാസ്ത്ര സാങ്കേ-) എക്സിബിഷനും

ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രമേള പ്രദർശനം എന്നിവയിൽ പങ്കാളിത്തം ഉറപ്പു വരുത്തുക | • സ്കൂൾതല സയൻസ് എക്സിബിഷൻ<br>• മേളകളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 1 തവണ | ശാസ്ത്ര ക്ലബ്ബ് | |

# അറബിക്

## പ്രവർത്തനം - വിശദാംശങ്ങൾ

പ്രവർത്തനം : 1

പേര് : അറബി ഭാഷ വികസനം

ഉപമേഖല : അടിസ്ഥാനശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • ലൈബ്രറി ക്ലാസ് മുഖേന ഭാഷാശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക. • മുന്നറിവ് പരിശോധിക്കുക. • അക്ഷരങ്ങൾ ഉറപ്പിക്കൽ • വചനങ്ങൾ നിർമ്മിക്കൽ • ഭാഷാകളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

പ്രവർത്തനം : 2

പേര് : മലയാളോത്സവം (അറബി)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യംവെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ | • വായന മത്സരം • ക്ലാസ് ലൈബ്രറി • സ്കൂൾ ലൈബ്രറി • വായനാക്കുറിപ്പുകൾ • അറബിക് പത്രവായന | ജൂൺ-മാർച്ച് | അറബി ടീച്ചർ | |

| | | | | |
|---|---|---|---|---|
| കുട്ടികളിലും ഉറപ്പ് വരുത്തുക | | | | |

പ്രവർത്തനം : 3

പേര് : അറബി രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യക്തമായി ചിന്തയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിന് സാഹചര്യം ഉറപ്പ് വരുത്തുക | • പതിപ്പുകളുടെ നിർമ്മാണം<br>• വായനാക്കുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ-മാർച്ച് | അറബി ടീച്ചർ | 2000/- |

# വിവര സാങ്കേതിക വിദ്യ

## പ്രവർത്തനം - വിശദാംശങ്ങൾ

പ്രവർത്തനം: 1

പേര് : വിവരസാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര-സാങ്കേതിക വിദ്യയെ ഫലപ്രദമായി പരിചയ-പ്പെടുത്തുക | പാഠഭാഗവുമായി - ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2

പേര് : IT ലാബ്

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വന്തമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT , ICT പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ IT club. | |

# പ്രവൃത്തി പരിചയം

## പ്രവർത്തനം - വിശദാംശങ്ങൾ

പ്രവർത്തനം : 4

പേര് : പ്രവൃത്തി പരിചയ ശിൽപശാല

ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ | സെപ്തംബർ | WE ക്ലബ്ബ് | 2000/- |

## പ്രവർത്തനം : 2

പേര് : പേപ്പർ ബാഗ് നിർമ്മാണം.

ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തെ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണം. പരിശീലനം | 1 മാസം | WE ക്ലബ്ബ് | |

## പ്രവർത്തനം : 3

പേര് : ഒറിഗാമി

ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതരവിഷയ പഠനവുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം നൽകൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | 1000/- |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## പ്രവർത്തനം - വിശദാംശങ്ങൾ

**പ്രവർത്തനം : 1**

പേര് : കായികാരോഗ്യം

ഉപമേഖല : എയ്റോബിക്സ് എക്സർസൈസ് സൂംബാ ഡാൻസ് പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ മാനസികമായും ശാരീരികമായും ആരോഗ്യവും മെച്ചപ്പെടുത്തുക | 1. എയ്റോബിക്സ് എക്സർസൈസ്<br>2. സൂംബാ ഡാൻസ് | ജൂൺ - മാർച്ച് | അധ്യാപകർ PT ക്ലബ്ബ് | |

**പ്രവർത്തനം : 2**

പേര് : ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ - കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുക | എല്ലാ കുട്ടികളുടെയും കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുന്നതിനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | |

## പ്രവർത്തനം : 2

പേര് : ടാലന്റ് ലാബുകൾ

ഉപമേഖല : കല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഉന്നതനാണ് എന്ന ബോധ്യം സൃഷ്ടിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം, ആലാപനം ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | SRG PTA | 3000/- |

## പ്രവർത്തനം: 3

പേര് : പ്രകടനവേദികൾ

ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷ കഴിവുകളുടെ വികാസത്തിന് അവസരമൊരുക്കുക | കുട്ടികളുടെ മികവുകൾ യൂട്യൂബ് ചാനലുകൾ സമൂഹ മാധ്യമങ്ങൾ വഴി പങ്കുവെക്കൽ | ജൂൺ - മാർച്ച് | SRG CT | |

## പ്രവർത്തനം : 4

പേര് : അരങ്ങേറ്റം

ഉപമേഖല : അവതരണശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർധിപ്പിക്കുക | കഥ പറയൽ, കവിതാലാപനം സ്കിറ്റ്, നാടകം ഇവയുടെ അവതരണം | ജൂൺ - മാർച്ച് | CT, SRG PTA | |

# സാമൂഹികാവബോധം

## പ്രവർത്തനം - വിശദാംശങ്ങൾ

പ്രവർത്തനം : 1

പേര് : അതിഥിയെ അറിയൽ

ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ എന്നിവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലബ്ധമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ ചർച്ചകൾ, സംവാദങ്ങൾ ക്ലാസ്തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 1000/- |

പ്രവർത്തനം : 2

പേര് : ഫീൽഡ് ട്രിപ്പ്, പഠനയാത്രകൾ

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫീൽഡ് ട്രിപ്പ്, പഠനയാത്രകളിലൂടെ ആരാധനാ സ്ഥാപനങ്ങൾ, ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ആശുപത്രികൾ, തുടങ്ങിയവയെക്കുറിച്ച് മനസ്സിലാക്കുന്നതിന് | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ, പൊതുസ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്ര സംഘടിപ്പിക്കൽ | വർഷത്തിൽ 1 തവണ | HM<br>SRG<br>PTA | |

പ്രവർത്തനം : 3

പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപശാല

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പിരിഡിൽ വിവിധ എക്സർസൈസ്, ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | |

# കലാ വിദ്യാഭ്യാസം, സർഗവേദി

# പ്രവർത്തനം - വിശദാംശങ്ങൾ

പ്രവർത്തനം : 1

പേര് : സർഗവേദി

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ | എല്ലാ ആഴ്ചയിലും | CT SRG | |

# ദിനാചരണങ്ങൾ

## പ്രവർത്തനം - വിശദാംശങ്ങൾ

ഉപമേഖല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ദിനങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ- മാർച്ച് | SRG . | |

# സ്കൂൾ വികസനം

## അക്കാദമികം - ഭൗതികം

## പ്രവർത്തനം - വിശദാംശങ്ങൾ

പ്രവർത്തനം : 1

പേര് : LSS പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷകളിലൂടെ ലഭ്യമാക്കൽ | സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള ചിട്ടയായ പരിശീലനത്തിലൂടെ കൂടുതൽ കുട്ടികൾക്ക്:- സ്കോളർഷിപ്പ് ഉറപ്പു വരുത്തൽ | ഒക്ടോബർ മുതൽ മാർച്ച് വരെ | SRG ക്ലാസ് ടീച്ചർ | . |

പ്രവർത്തനം : 2

പേര് : NAS പരിശീലനം, ക്ലാസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂന്നാം ക്ലാസ് വിദ്യാർത്ഥികൾക്ക് NAS പരീക്ഷ പരിശീലനം നൽകുക | ചിട്ടയായ പരിശീലനത്തിലൂടെ NAS പരിശീലനം - നടത്തുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുക | സെപ്തംബർ ഡിസംബർ | ക്ലാസ് ടീച്ചർ | . |

പ്രവർത്തനം 3

| | | | | |
|---|---|---|---|---|
| പേര് | : ചെസ് പരിശീലനം | ജൂൺ-മാർച്ച് | RP | 3000/- |

പ്രവർത്തനം : 4

പേര് : CPTA, PTA യോഗങ്ങൾ

ഉദ്ദേശം : CPTA, PTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കളെയും കുട്ടികളുടെ മികവ്, പോരായ്മകൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്തുന്നതിനായി കൂട്ടായി പ്രവർത്തിക്കുന്നതിന് | CPTA യോഗം കാര്യക്ഷമമായി നടത്തുക, കുട്ടികളുടെ പഠനനേട്ടങ്ങൾ പഠനത്തെളിവുകൾ ഇവയുടെ അവതരണം. | 1 വർഷത്തിൽ 3 തവണ | SRG ക്ലാസ് ടീച്ചർ | . |

പ്രവർത്തനം : 5

പേര് : പച്ചപ്പ്

ഉപമേഖല : പരിസ്ഥിതി സംരക്ഷണം-

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവ വൈവിധ്യ പാർക്ക് മെച്ചപ്പെടുത്തൽ ഔഷധങ്ങളും വിപുലപ്പെടുത്തൽ | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | 3 മാസം | ഇക്കോ ക്ലബ്ബ് | |
| നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് ചുറ്റും സംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോ ക്ലബ്ബ് | |
| പൂന്തോട്ടം വിപുലപ്പെടുത്തൽ | സ്കൂൾ മുറ്റത്തെ പൂന്തോട്ടം വിപുലപ്പെടുത്തൽ, സംരക്ഷണം | എല്ലാ ദിവസവും | കുട്ടികൾ അധ്യാപകർ | |

പ്രവർത്തനം : 6

പേര് : വൃത്തി നമ്മുടെ ശക്തി

ഉപമേഖല : ശുചിത്വം, മാലിന്യ സംസ്കരണം,

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യപൂർണ്ണമായ ജീവ പാഠശാലയിൽ നിന്നും മാലിന്യം വലിച്ചെറിയാതിരിക്കാനും കുട്ടികളെ ബോധവാന്മാരാക്കുന്നതിന് | ബയോ ബിന്നുകൾ, വേസ്റ്റ് ബിന്നുകൾ ഇവയിൽ കൃത്യമായി ഭക്ഷണ മാലിന്യങ്ങൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കാൻ കുട്ടികൾക്ക് പരിശീലനം നൽകുന്നു- | എല്ലാ ദിവസവും | ഹെൽത്ത് ക്ലബ്ബ് | |